➪ *മൊയ്‌ലിയുടെ വേഗത എല്ലാവരെയും അദ്ഭുതപ്പെടുത്തി* ➪

# മൊയ്‌ലി പരിസ്ഥിതി മന്ത്രിയോ, അനുമതികൊടുക്കൽ മന്ത്രിയോ?

വനം–പരിസ്ഥിതി മന്ത്രിയായിരുന്ന ജയന്തി നടരാജനെ മാറ്റിക്കൊണ്ട് പെട്രോളിയം മന്ത്രി വീരപ്പ മൊയ്‌ലിയ്ക്ക് ആ മന്ത്രാലയത്തിന്റെ ചുമതല നൽകിയത് എന്തിനായിരുന്നു എന്നതിനുള്ള തെളിവുകൾ ഏറെ വൈകാതെ തന്നെ പുറത്ത് വന്നിരിക്കുന്നു. തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനിടയിൽ കിട്ടിയ മൂന്ന് മാസം കൊണ്ട് പല ഭാഗത്ത് നിന്നുമുള്ള എതിർപ്പുകൾ കാരണം തടഞ്ഞുവച്ച 73 പദ്ധതികൾക്കാണ് അദ്ദേഹം അനുമതി നൽകിയത്.

**സാഗ്നിക് ദത്ത**

**കേന്ദ്രമന്ത്രിസഭയിലെ** ചില മന്ത്രിമാരെ തൽസ്ഥാനത്ത് നിന്നും മാറ്റി, പാർട്ടി പല ചുമതലകളും ഏൽപിക്കാറുണ്ട്. മോശം പ്രകടനം കാഴ്ചവയ്ക്കുന്ന മന്ത്രിമാരെ മന്ത്രിസഭയിൽ നിന്നും പറഞ്ഞുവിടാൻ മിക്ക രാഷ്ട്രീയകക്ഷികളും പയറ്റുന്ന ഒരു തന്ത്രം കൂടിയാണിത്. എന്നാൽ കഴിഞ്ഞ ഡിസംബർ 21 ന് രാജിവെച്ച കേന്ദ്ര വനം–പരിസ്ഥിതി മന്ത്രി ജയന്തി നടരാജന് ഇക്കാര്യം അത്രയ്ക്കങ്ങ് ബോധിച്ചിട്ടില്ല. കാരണം, രാജിവച്ചിട്ടും പ്രധാനപ്പെട്ട ചുമതലകളൊന്നും പാർട്ടി പകരം ഏല്പിച്ചില്ല. കൂടാതെ അപൂർവ്വമായി മികച്ച പ്രകടനത്തിനുള്ള സർട്ടിഫിക്കറ്റ് അവരെത്തേടിയെത്തി, അതും പ്രധാനമന്ത്രി മൻമോഹൻ സിംഗിൽ നിന്ന്! പെട്ടെന്ന് പുറത്താക്കിയതിന് പിന്നിൽ മറ്റുദ്ദേശങ്ങളൊന്നുമില്ലെന്ന് പറയാൻ വേണ്ടി മാത്രം മൻമോഹൻ സിംഗ് അങ്ങനെ ചെയ്തതാണോ?

തുടർന്ന് നടന്ന സംഭവങ്ങൾ ഈ സംശയത്തിന് ആക്കം കൂട്ടി. വനം–പരിസ്ഥിതി മന്ത്രാലയത്തിന്റെ ചുമതല പെട്രോളിയം–പാചകവാതക മന്ത്രാലയത്തിന്റെ ചുമതലയുണ്ടായിരുന്ന എം. വീരപ്പ മൊയ്‌ലിയെ ഏൽപിച്ചു. മാധ്യമവാർത്തകളനുസരിച്ച് പുതിയ ഓഫീസിൽ ചുമതലയേറ്റ് മൂന്നാഴ്ചയ്ക്കകം ആകെ 1.8 കോടി ചെലവ് വരുന്ന 73 പദ്ധതികൾക്കാണ് മൊയ്‌ലി കണ്ണുംപൂട്ടി അനുമതി കൊടുത്തത്. എന്നാൽ 28 എണ്ണത്തിനേ അനുമതി കൊടുത്തിട്ടുള്ളൂ എന്നായിരുന്നു മന്ത്രാലയത്തിന്റെ മറുപടി. ഏതായാലും മൊയ്‌ലിയുടെ വേഗത എല്ലാവരെയും അദ്ഭുതപ്പെടുത്തി.

ഇത്തരത്തിലുള്ള അതിവേഗഅനുമതികൾ 2013 മാർച്ച് മുതൽക്കേ കൊടുത്ത് തുടങ്ങിയിരുന്നു. ചില വൻ പദ്ധതികൾക്ക് പിന്നിലെ മൂലധനവും അവ നടപ്പിലാക്കുമ്പോൾ കിട്ടാവുന്ന ലാഭവും മനസ്സിൽക്കണ്ട് സർക്കാർ പലതിനും അനുമതി നൽകുകയായിരുന്നു. മാരകമായ പാരിസ്ഥിതിക വിപത്തുകൾ ഉണ്ടാക്കുന്നവയാണെന്ന് തെളിഞ്ഞിട്ടുള്ളവയാണ് ഇത്തരത്തിൽ അനുമതി നൽകിയിട്ടുള്ള പദ്ധതികളെല്ലാം. യാതൊരു നിയന്ത്രണവുമില്ലാതെ തുടരുന്ന നിലവിലെ യാന്ത്രികഭരണവ്യവസ്ഥയുടെ തുടർച്ച തന്നെയാണ് മൊയ്‌ലിയുടെ പാരിസ്ഥിതികാനുമതികളും.

ഇത്തരത്തിൽ പാരിസ്ഥിതിക–നിയന്ത്രണ ഭരണ സംവിധാനങ്ങളിൽ നിലനിൽക്കുന്ന കെടുകാര്യസ്ഥത തീർച്ചയായും പരിശോധിക്കപ്പെടേണ്ടതാണ്. സാമൂഹിക വനാവകാശനിയമത്തിന്റെ ലംഘനം കൂടിയാണ് ഈ അനുമതികൾ മിക്കതും. 2013 ഡിസംബ

*⇨ അനുമതി ലഭിച്ച നിലയങ്ങളുടെ എണ്ണത്തെ അപേക്ഷിച്ച് വളരെ കുറവായിരുന്നു അനുമതി നിഷേധിക്കപ്പെട്ടവയുടെ എണ്ണം ⇨*

റിൽ ഡൽഹിയിൽ ആദിവാസി ജനതി അധികാർ മഞ്ചിന്റെയും സാമൂഹിക വനാവകാശ നിയമ പഠനപദ്ധതിയുടെയും നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട ദേശീയ നിയമവിചാരണാ റിപ്പോർട്ട്, ഗ്രാമസഭകളുടെ അനുവാദമില്ലാതെ വനഭൂമിയും വനവിഭവങ്ങളും വൻപദ്ധതികൾക്കായി വിട്ടുകൊടുക്കുന്നത് വനാവകാശനിയമം ഏറ്റവും മോശമായി നടപ്പിലാക്കുന്നതിന് കാരണമാകുമെന്ന് പറയുന്നുണ്ട്.

പാരിസ്ഥിതിക ആഘാത പഠനങ്ങളെ വിലയിരുത്തുന്ന ഇ.ഐ.എ റിസോഴ്സ് ആന്റ് റസ്പോൺസ് സെന്റർ, 2012 ൽ 81




കൽക്കരി ഖനികൾക്ക് എക്സ്പേർട്ട് അപ്രൈസൽ കമ്മറ്റി (EAC) പാരിസ്ഥിതിക അനുമതി നൽകിയതായി കണ്ടെത്തിയിരുന്നു. 43 എണ്ണത്തിന് ഉടൻ അനുമതി കൊടുത്തപ്പോൾ 38 എണ്ണത്തെക്കുറിച്ച് അധികവിവരങ്ങൾ ചോദിച്ചിരുന്നു. എന്നാൽ ഇവയ്ക്കും പിന്നീട് അനുമതി നിഷേധിക്കപ്പെട്ടില്ല എന്നതാണ് വസ്തുത. 2013-ലാകട്ടെ 98 കൽക്കരി ഖനികളിൽ 57 എണ്ണത്തിന് അനുമതി കൊടുക്കുകയും 41 എണ്ണത്തെക്കുറിച്ച് അധികവിവരങ്ങൾ ആവശ്യപ്പെടുകയും ചെയ്തു. 2012-13 കാലഘട്ടത്തിൽ, അനുമതി ലഭിച്ച താപനിലയങ്ങളുടെ എണ്ണത്തെ അപേക്ഷിച്ച് വളരെ കുറവായിരുന്നു അനുമതി നിഷേധിക്കപ്പെട്ടവയുടെ എണ്ണം.

ഗ്രീൻ ക്ലിയറൻസ് വാച്ചിന്റെ (ഏപ്രിൽ 2007 മുതലുള്ള വന-പാരിസ്ഥിതികാനുമതികളെക്കുറിച്ച് പരിശോധിക്കുന്ന പൊതുവിവര സംവിധാനം) വിശകലനമനുസരിച്ച് 2011 ജൂലൈയിൽ ജയന്തി നടരാജൻ പരിസ്ഥിതി മന്ത്രിയായി സ്ഥാനമേറ്റ ശേഷം ധാരാളം പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഐക്യരാഷ്ട്രസംഘടനയും കേന്ദ്രവനം-പരിസ്ഥിതിമന്ത്രാലയവുമായി സഹകരിച്ച് ശാസ്ത്ര-പരിസ്ഥിതി കേന്ദ്രം നടത്തുന്ന ഒരു ഉദ്യമമാണ് ഗ്രീൻ ക്ലിയറൻസ് വാച്ച്. ജയന്തി നടരാജന്റെ ഭരണകാലത്ത് 61 താപനിലയങ്ങൾക്കും 60 ഇരുമ്പ്-ഉരുക്ക് ഖനികൾക്കും 53 കൽക്കരി ഖനികൾക്കും അനുമതി നൽകിയെന്ന് ഗ്രീൻ ക്ലിയറൻസ് വാച്ച് പറയുന്നു. വ്യവസായികളെ പിന്തുണക്കുന്നതിന് വേണ്ടി പദ്ധതികളുടെ സാധുത പരിശോധിക്കാൻ നിയോഗിക്കപ്പെട്ട വിദഗ്ദ്ധസമിതി (എക്സ്പേർട്ട് അപ്രൈസൽ കമ്മറ്റി- EAC) യുടെ നിർദ്ദേശങ്ങളെ അവഗണിച്ചത് വീരപ്പമൊയ്‌ലി മാത്രമാണെന്ന് പറയാനാകില്ല. പ്രശസ്ത പരിസ്ഥിതി അഭിഭാഷകനായ റിത്വിക് ദത്ത പറയുന്നത്, EAC തന്നെ പലപ്പോഴും തോന്നിയപോലെ പ്രവർത്തിക്കുന്ന സംവിധാനമാണെന്നാണ്. പരിസ്ഥിതി മന്ത്രാലയത്തിന്റെ റബ്ബർസ്റ്റാമ്പ് പോലെയാണ് EAC പ്രവർത്തിക്കുന്നത്.

ഈയിടെ വന്ന ദേശീയ ഹരിത ട്രിബ്യൂണലിന്റെ പല വിധികളിലും EAC യ്ക്ക് കടുത്ത വിമർശനമുണ്ട്. അവയിൽ ചിലത്,

- 2013 ഡിസംബർ 13ലെ വിധി പ്രകാരം ഒരു പദ്ധതിയ്ക്ക് അനുമതി നൽകുമ്പോൾ പൊതുതെളിവെടുപ്പ് സമയത്ത് ജനങ്ങൾ പറഞ്ഞ എതിർപ്പുകൾ സമിതിയുടെ മിനിട്ട്സിൽ ഉൾപ്പെടുത്തിയില്ല. മാത്രമല്ല, വേണ്ട പരിശോധന നടത്താനും സമിതിക്ക് കഴിഞ്ഞില്ല.

-ആന്ധ്രാപ്രദേശിലെ കോമറാഡ ഗ്രാമത്തിൽ 1675 ഏക്കറിൽ ഏകദേശം 12, 000 കോടി രൂപ ചെലവ് വരുന്ന ഒരു വൻതാപ വൈദ്യുതനിലയം സ്ഥാപിക്കുന്നതിനായി ആൽഫ ഇൻഫ്രാപ്രോപ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് അനുമതി നൽകിയതിന് EAC യെ ചോദ്യം ചെയ്തു

-കേന്ദ്രസർക്കാറും ജീത്ത് സിംഗ് കൻവാറും തമ്മിലുള്ള മറ്റൊരു കേസിൽ, പൊതുതെളിവെടുപ്പിൽ പദ്ധതിക്കായി ചെലവിട്ടിട്ടുള്ള നിർമ്മാണസാമഗ്രികളെക്കുറിച്ചുള്ള പരാതി EAC അവഗണിച്ചതായി പറയുന്നുണ്ട്. മാത്രമല്ല, പുനരധിവാസ-നഷ്ടപരിഹാര കാര്യങ്ങളിൽ യാതൊന്നും പറയാതെ പദ്ധതിക്ക് അനുമതി നൽകിയതിലും കേന്ദ്ര



സിക്കിമിൽ തീസ്ത-II ജലവൈദ്യുതി പദ്ധതിക്കായി നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ

പരിസ്ഥിതി വകുപ്പിനെതിരെ വിമർശനമുയർന്നു. ഈ കേസിൽ ഛത്തീസ്ഗഢിലെ കോർബാ ജില്ലയിലുള്ള ധീരു പവർജൻ പ്രൈവറ്റ് ലിമിറ്റഡിന് അനുമതി നൽകിക്കൊണ്ടുള്ള ഓർഡർ ദേശീയഹരിത ട്രിബ്യൂണൽ റദ്ദാക്കി.

EAC യ്ക്കെതിരെയുള്ള പരാതികൾ ശരിയാണെന്ന് വിശ്വസിക്കുന്നതിനുള്ള മറ്റൊരു കാരണം അതിലെ അംഗങ്ങൾ മിക്കവരും ഗവൺമെന്റുദ്യോഗസ്ഥരോ വ്യവസായ പ്രതിനിധികളോ ആണെന്നതാണ്. ഇവർക്ക് പാരിസ്ഥിതിക വിഷയങ്ങളിൽ അറിവോ മുൻപരിചയമോ ഉണ്ടാകാറില്ല. ഉദാഹരണത്തിന് ജലവൈദ്യുത നിലയങ്ങളുടെ EAC തലവൻ കൽക്കരി മന്ത്രാലയത്തിന്റെ മുൻ സെക്രട്ടറിയായിരുന്നു. താപവൈദ്യുതനിലയങ്ങളുടെ EAC തലവൻ മുംബൈയിലെ സെക്യൂരിറ്റീസ് അപ്പലേറ്റ് ട്രിബ്യൂണലിന്റെ നേതൃത്വം വഹിച്ച ആളായിരുന്നു.

വീരപ്പ മൊയ്‌ലി അന്തിമാനുമതി നൽകിയ മിക്ക പ്രൊജക്ടുകളും പരിസ്ഥിതിക്കും പ്രാദേശിക ജനവിഭാഗങ്ങൾക്കും മാരകഭീഷണി തീർക്കാവുന്നവയാണ്. അവയിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ഒറീസയിലെ പോസ്കോ ഉരുക്കുപദ്ധതി. 4000 ഏക്കറാണ് ഈ പദ്ധതി വഴി ഏറ്റെടുക്കാൻ പോകുന്നത്. 2007ൽ പോസ്കോയ്ക്ക് പ്രവർത്തനാനുമതി ലഭിച്ചിരുന്നുവെങ്കിലും എതിർപ്പുകളെ തുടർന്ന് അനുമതി തടഞ്ഞിരുന്നു. 2010ൽ പദ്ധതിയ്ക്ക് വീണ്ടും അനുമതി ലഭിക്കുകയും ദേശീയ ഹരിത ട്രിബ്യൂണൽ ഇടപെട്ട് അത് റദ്ദാക്കുകയും ചെയ്തിരുന്നു. എന്നാൽ വളരെ തന്ത്രപരമായി ഈ ജനുവരി 7ന് വീരപ്പമൊയ്‌ലി  പദ്ധതിയ്ക്ക് വീണ്ടും അനുമതി നൽകി. അനുമതി നൽകുന്നതിന് കാരണമായി പറഞ്ഞിരിക്കുന്നത് ഹരിത ട്രിബ്യൂണൽ നിർദ്ദേശപ്രകാരം രൂപീകരിക്കപ്പെട്ട പോൾ കമ്മറ്റിയുടെ നിർദ്ദേശങ്ങൾ 2007ലെ അനുമതിയിൽ പാലിക്കപ്പെടുന്നുവെന്നും അതിനാൽ ആ അനുമതി അനുവദിക്കുന്നുവെന്നുമാണ്. എന്നാൽ 2012ൽ മാത്രമാണ് പോൾ കമ്മറ്റിക്ക് രൂപം നൽകിയിട്ടുള്ളത്.

പോസ്കോ പദ്ധതിക്കെതിരെയുള്ള പരാതികൾ മറ്റനവധിയാണ്; വർഷത്തിൽ 4 ദശലക്ഷം ടൺ ക്ഷമതയുള്ള പദ്ധതിക്കായാണ് പാരിസ്ഥിതികാഘാത പഠന റിപ്പോർട്ട് തയ്യാറാക്കിയതും പൊതുതെളിവെടുപ്പ് നടത്തിയതും. എന്നാൽ 12 ദശലക്ഷം ടൺ ക്ഷമതയു

*⇨ ഉത്തരാഖണ്ഡിൽ ഒരു ജലവൈദ്യുതപദ്ധതിക്കും പാരിസ്ഥികാനുമതി നൽകാൻ പാടില്ലെന്ന് പറഞ്ഞിട്ടുണ്ട് ⇨*

ള്ള പദ്ധതിക്ക് വേണ്ടിയാണ് ഇപ്പോൾ ഭൂമി ഏറ്റെടുത്തുകൊണ്ടിരിക്കുന്നത്. യഥാർത്ഥത്തിൽ പോസ്കോ 2007ൽ തയ്യാറാക്കിയതും ഇത്ര ക്ഷമതയുള്ള പദ്ധതി തന്നെയായിരുന്നു. സിക്കിമിലെ 520 മെഗാവാട്ട് ശേഷിയുള്ള തീസ്ത പദ്ധതി, അരുണാചൽപ്രദേശിലെ 800 മെഗാവാട്ടിന്റെ തവാങ് II എന്നീ പദ്ധതികൾക്കും മൊയ്‌ലി അനുമതി നൽകിയിരുന്നു. പരിസ്ഥിതി ലോല പ്രദേശങ്ങളിൽ പോലും വിനാശകരമായ പദ്ധതികൾക്ക് അനുമതി നൽകുന്ന EACയുടെയും പരിസ്ഥിതി മന്ത്രാലയത്തിന്റെയും കെടുകാര്യസ്ഥതയാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. വടക്കൻ സിക്കിമിലെ ചുങ്താങ്ങിനും സിക്കിം-പശ്ചിമബംഗാൾ അതിർത്തിക്കുമിടയിലെ തീസ്താ നദിയിൽ വരാൻ പോകുന്ന തീസ്താ-4 പദ്ധതിക്കും അനുമതി നൽകിയിട്ടുണ്ട്.

കഴിഞ്ഞ വർഷം ദേശീയ വന്യജീവി ബോർഡിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി ഇതിന് അനുമതി കൊടുക്കുന്നതിനെതിരെ ചില കാര്യങ്ങൾ ചൂണ്ടിക്കാട്ടിയിരുന്നു. കാഞ്ചൻജംഗ ദേശീയോദ്യാനത്തിലുൾപ്പെടുന്ന തീസ്ത നദീതടത്തിലെ ഏകദേശം ആറ് കി. മീ ചുറ്റളവിലുള്ള പ്രദേശം പദ്ധതി വന്നാൽ മുങ്ങിപ്പോകും. ഈ പ്രദേശത്ത് 4000ത്തോളം മരങ്ങൾ മുങ്ങിപ്പോകുകയും പദ്ധതിയുടെ ടണലിനും പവർഹൗസിനും വേണ്ടിയുള്ള നിർമ്മാണത്തിനിടെ 3660 മരങ്ങൾ വെട്ടിമാറ്റപ്പെടുകയും ചെയ്യും. പദ്ധതിക്കായി സ്ഥലമേറ്റെടുക്കുമ്പോൾ 14, 921 ഗ്രാമവാസികൾ താമസിക്കുന്ന 14 ഗ്രാമങ്ങൾ നിഷ്കാസിതരാകും. ഈ പ്രദേശത്തിന്റെ 10 കി.മീ. ചുറ്റളവിനുള്ളിൽ തീസ്ത-III, പനാൻ, ദിക്ചു, ടാഷിഡിങ്, ടിങ്-ടിങ് തുടങ്ങിയ വേറെയും പദ്ധതികളുണ്ടെന്ന് ഒരു സുപ്രീം കോടതി വിധിയിൽ തെളിഞ്ഞതാണ്. എന്നാൽ ഈ എതിർപ്പുകളെല്ലാം അവഗണിച്ചാണ് EAC പദ്ധതിക്ക് പച്ചക്കൊടി കാട്ടിയിരിക്കുന്നത്. ഇനി വനം-വന്യജീവി വകുപ്പിന്റെ അനുമതി കൂടി ലഭിച്ചാൽ പദ്ധതികൾ യാഥാർത്ഥ്യമാകും.

തവാങ് പദ്ധതിയ്ക്കായി നദീതടത്തിലെ സഞ്ചിതാഘാതപഠനം (Cumulative Impact Assessment) ഇനിയും പൂർത്തിയായിട്ടില്ല. എന്നാൽ അതൊന്നും നോക്കാതെ EAC കഴിഞ്ഞ വർഷം തന്നെ പദ്ധതിക്ക് അനുമതി നൽകിക്കഴിഞ്ഞു. ജയന്തി നടരാജന്റെ കാലം മുതൽക്കേ നമ്മുടെ പാരിസ്ഥിതിക ഭരണസംവിധാനത്തിന്റെ പാളിച്ചകൾ സുവ്യക്തമാണ്. ദേശീയ വന്യജീവി ബോർഡിന്റെ സ്റ്റാന്റിങ് കമ്മറ്റി ചെയർപെഴ്സണായിരിക്കുമ്പോൾ അരുണാചൽപ്രദേശിലെ 1750 മെഗാവാട്ടിന്റെ ദെംവേ ലോവർ പദ്ധതിക്ക് അനുമതി നൽകാനായി, സമിതിയിലെ മറ്റ് ഏഴ് വിഷയവിദഗ്ദ്ധരുടെ എതിർപ്പ് വകവയ്ക്കാതിരുന്നയാളാണ് ജയന്തി നടരാജൻ.

കേരളത്തിലെ വിഴിഞ്ഞം പദ്ധതിയും വീരപ്പ മൊയ്‌ലി അനുമതി നൽകിയ കൂട്ടത്തിലുണ്ട്. ഇവിടെയും അന്തിമ പാരിസ്ഥിതി കാഘാത പഠന റിപ്പോർട്ടിലെ ചില ഭാഗങ്ങൾ പൊതുതെളിവെടുപ്പിൽ ഹാജരാക്കിയതിന് ശേഷം മാറ്റിക്കളഞ്ഞിരിക്കുകയാണ്. യഥാർത്ഥത്തിൽ തീരദേശസംരക്ഷണനിയമപ്രകാരം പദ്ധതി അനുവദിക്കാൻ പാടില്ല. ഉത്താരാഖണ്ഡിലുണ്ടായ പ്രളയദുരന്തത്തിന് ശേഷവും യമുനാനദിയിലെ ലാഖ്‌വാർ ജലവൈദ്യുതപദ്ധതിക്ക് 2014 ജനുവരി 22ന് പരിസ്ഥിതി മന്ത്രാലയം അന്തിമാനുമതി നൽകിയിരിക്കുന്നു. എന്നാൽ 2013 ജൂലൈ 13ന് സുപ്രീം കോടതി ഉത്തരവ്, ഇനിയൊരറിയിപ്പുണ്ടാകുന്നതു വരെ ഉത്തരാഖണ്ഡിൽ ഒരു ജലവൈദ്യുതപദ്ധതിക്കും പാരിസ്ഥികാനുമതി നൽകാൻ പാടില്ലെന്ന് പറഞ്ഞിട്ടുണ്ട്.

പരിസ്ഥിതിയെ പരിഗണിച്ചുകൊണ്ടുള്ള വികസനത്തിന് മാത്രമേ ഭാവിയിൽ സാധ്യതയുള്ളൂവെന്ന് ഇന്ത്യ മനസ്സിലാക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. വികസനപദ്ധതികൾ തയ്യാറാക്കുമ്പോൾ അതിന്റെ ഗുണഭോക്താക്കളായി അവിടത്തെ പ്രാദേശികജനതയെ മാനിക്കുകയും അവരുടെ ജീവിതവൃത്തിയുമായി ബന്ധപ്പെട്ട ആശങ്കകൾക്ക് പ്രാമുഖ്യം കൊടുക്കുകയും ചെയ്യുകയെന്നത് ഭരണാധികാരികളുടെ കൂടി മുൻഗണനയായി മാറേണ്ടതാണ്. *(കടപ്പാട്: ഫ്രണ്ട്ലൈൻ. പരിഭാഷ: സബ്ന)* ■

Coaching for
CAT
CMAT. BANK PO
MAT. GRE. GMAT. CLAT
ims
Trusted for Success
IMS Learning Centre
4th Floor, City Centre, Thrissur
Ph: 0487-2323813, 9400610478